# ഇടിവിൽനിന്നു പ്രാർത്ഥിക്കുക

## ആമോസ് 7:5

"യഹോവേ, മതിയാക്കണമേ, യാക്കോബ് എങ്ങനെ നിവർന്നു നിൽക്കും? അവൻ ചെറിയവനല്ലോ എന്നു പറഞ്ഞു. യഹോവ അതിനെക്കുറിച്ചു അനുതപിച്ചു."

യിസ്രായേലിനുമേൽ വരുവാൻ പോകുന്ന ന്യായവിധിയുടെ ദർശനങ്ങൾ ആമോസ് 7–ാം അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു. 'ഭാരം വഹിക്കുന്നവൻ' എന്നർത്ഥം വരുന്ന ആമോസ് പ്രവാചകൻ, യിസ്രായേൽ ജനത്തിന്റെ പാപഭാരം വഹിച്ചുകൊണ്ട്, ദൈവസന്നിധിയിൽ മധ്യസ്ഥം അണച്ച്, തന്റെ പേര് അന്വർത്ഥമാക്കി. ആട്ടിടയനും, കാട്ടത്തിപ്പഴം പെറുക്കുന്നവനും, ജീവിച്ചിരിക്കുന്നവനുമായ ഒരു സാധാരണ ഗ്രാമീണനെ ദൈവം ഒരു പ്രവാചകനായി വിളിച്ചു. ദൈവഭക്തനും, ദൈവവചന നിശ്ചയവുമുണ്ടായിരുന്ന ആമോസ്, രാജാവിനെയോ പുരോഹിതന്മാരെയോ ഭയക്കാതെ, ദൈവത്തിന്റെ ന്യായവിധിയുടെ ദൂത് അറിയിക്കുകയും ഇടിവിൽനിന്ന് ജനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

ആമോസ് 7:19 ൽ യഹോവ മൂന്ന് ദർശനങ്ങൾ കാണിച്ച്, യിസ്രായേലിനുള്ള ന്യായ വിധികളെ ഓർപ്പിക്കുമ്പോൾ ആമോസ് ദൈവത്തോട് ക്ഷമിക്കണമേ എന്ന് യാചിക്കുകയും, ദൈവം അനുതപിക്കുകയും, അത് സംഭവിക്കുകയില്ല എന്ന് ആമോസിന് ഉറപ്പും കൊടുക്കുന്നു. ആമോസിനെപ്പോലെ, ദൈവസന്നിധിയിൽ നീതിമാനായ ഒരാളുടെ പ്രാർത്ഥനയ്ക്ക് ദൈവത്തിന്റെ ഹൃദയത്തെ സ്വാധീനിക്കുവാൻ സാധിക്കും. "ദൈവം നിവർത്തിക്കും" എന്നു കല്പിച്ചിട്ടും, ക്ഷമ യാചിക്കുന്ന, അനുതപിക്കുന്ന, നിലവിളിക്കുന്ന മനുഷ്യജീവിതത്തിനു മുന്നിൽ, മനസ്സലിയുന്ന ദൈവത്തെ നമുക്കിവിടെ കാണാൻ സാധിക്കും.

അനുതപിക്കുന്ന, അഥവാ മനസ്തപിക്കുന്ന ഹൃദയം, തെറ്റ് ഏറ്റുപറഞ്ഞ് ഉപേക്ഷിക്കാനുള്ള മനസ്സ് കാണിക്കുന്ന ഏതൊരു വ്യക്തിയേയും, ദൈവം കരുണയോടെ നോക്കുന്നു. അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗ്ഗം സന്തോഷിക്കുന്നു.

2 ദിനവൃത്താന്തം 7:14 "എന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന എന്റെ ജനം തങ്ങളെത്തന്നേ താഴ്ത്തി പ്രാർത്ഥിച്ചു എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമ്മാർഗ്ഗങ്ങളെ വിട്ടു തിരിയുമെങ്കിൽ, ഞാൻ സ്വർഗ്ഗത്തിൽനിന്നു കേട്ടു അവരുടെ പാപം ക്ഷമിച്ചു അവരുടെ ദേശത്തിന്നു സൌഖ്യം വരുത്തിക്കൊടുക്കും."

തന്നെത്താൻ താഴ്ത്തി, പാപങ്ങളെ ഏറ്റുപറഞ്ഞ്, ദൈവത്തെ അന്വേഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുകയും, ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയുകയും ചെയ്യുന്നവർക്ക് അവരുടെ പാപം ക്ഷമിച്ച്, ദേശത്തിനു സൗഖ്യം കൊടുക്കുമെന്ന് ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു.

യോന 3:10 അവർ ദുർമ്മാർഗ്ഗം വിട്ടുതിരിഞ്ഞു എന്നു ദൈവം അവരുടെ പ്രവൃത്തികളാൽ കണ്ടപ്പോൾ താൻ അവർക്കു വരുത്തും എന്നു അരുളിച്ചെയ്തിരുന്ന അനർത്ഥത്തെക്കുറിച്ചു ദൈവം അനുതപിച്ചു അതു വരുത്തിയതുമില്ല.

യിരെമ്യാ 8:18 അവർ ദുർമ്മാർഗ്ഗം വിട്ടുതിരിഞ്ഞു എന്നു ദൈവം അവരുടെ പ്രവൃത്തികളാൽ കണ്ടപ്പോൾ താൻ അവർക്കു വരുത്തും എന്നു അരുളിച്ചെയ്തിരുന്ന അനർത്ഥത്തെക്കുറിച്ചു ദൈവം അനുതപിച്ചു അതു വരുത്തിയതുമില്ല.

ഈ വാക്യങ്ങളിലും വചനം വെളിപ്പെടുത്തുന്നതും അതു തന്നെയാണ്. ദുർമാർഗ്ഗങ്ങളെ വിട്ടുതിരിയുക എന്നാണ് ദൈവം ഓരോ വ്യക്തിയെക്കുറിച്ചും ആഗ്രഹിക്കുന്നത്. നാം ആയിരിക്കുന്ന ഇപ്പോഴത്തെ ജീവിത സാഹചര്യങ്ങളെ പരിശോധിക്കുക, തെറ്റ് തിരുത്തുക, അനുതപിക്കുക, പാപത്തെ ന്യായീകരിക്കുകയോ നിസ്സാരമായി കാണുകയോ ചെയ്ത്, ശിക്ഷയ്ക്ക് പാത്രമായി തീരാതിരിക്കുക, കാരണം സ്വന്തപുത്രനെ ലോകത്തിന്റെ പാപപരിഹാരത്തിനായി ക്രൂശിൽ യാഗമാക്കിയ ദൈവം എത്ര കരുണയുള്ളവനും, സ്നേഹമുള്ളവനുമാണ്. അവൻ നമ്മുടെ അകൃത്യങ്ങളെ സമുദ്രത്തിന്റെ ആഴത്തിലേക്ക് എറിഞ്ഞുകളയുന്നു. ദൈവം ദീർഘക്ഷമയും മഹാദയയും ഉള്ളവനാണ്.

നമ്മുടെ വ്യക്തിപരമായ അനുതാപത്തോടൊപ്പം, നാം ആയിരിക്കുന്ന കുടുംബം, സമൂഹം, ദേശം എന്നിവയ്ക്കൊക്കെ വേണ്ടി മധ്യസ്ഥം അർപ്പിക്കാൻ ദൈവം നമ്മെ നിയോഗിച്ചിരിക്കുന്നു. അതിനുള്ള ഉത്തമ മാതൃകയാണ് നാം ആമോസ് പ്രവാചകനിലൂടെ കാണുന്നത്.

യിസ്രായേൽ അനുതപിക്കാതെ, സ്വന്ത സമൃദ്ധിയിൽ നിഗളിക്കുകയും, ദൈവത്തെ മറക്കുകയും ചെയ്തപ്പോൾ, ദൈവജനത്തിനു വരുവാൻ പോകുന്ന ന്യായവിധി മനസ്സിലാക്കി, ദേശത്തിനുവേണ്ടി ഇടിവിൽ നിന്ന പ്രവാചകന്റെ പ്രാർത്ഥനക്കു മനസ്സലിഞ്ഞു, ദേശത്തോടു ദൈവം ദയ കാണിച്ചു എങ്കിൽ, നാം ആയിരിക്കുന്ന സമൂഹത്തിനും, നമ്മോടു ചേർന്നു നിൽക്കുന്നവരുടെയും ജീവിതം വഹിച്ചുകൊണ്ട്, ദൈവ സന്നിധിയിൽ നിലവിളിക്കാൻ നാം ബാധ്യസ്ഥരാണ്. ഇന്ന് നാം ആയിരിക്കുന്ന ലോകം നാശത്തിലേക്കു പോകുന്നു, വഷളത്വം പ്രവർത്തിക്കുന്നു, ദൈവത്തെ മറക്കുന്നു, ജനം

നിത്യനാശത്തിലേക്കു പോകുന്നു. ഈ അവസരത്തിൽ വിശ്വസ്തതയോടെ ദൈവ സന്നിധിയിൽ ഇടിവിൽ നിൽക്കാൻ ആമോസ് പ്രവാചകനെപ്പോലെ നാം തയ്യാറാകണം.

ബലഹീനരായ മനുഷ്യരുടെ പ്രാർത്ഥനയിങ്കൽ ദൈവം തീർച്ചയായും അനുതപിക്കും. കർത്താവ് നിരന്തരം പിതാവിന്റെ സന്നിധിയിൽ പക്ഷവാതം ചെയ്യുന്നതുപോലെ അനേകം ജീവിതങ്ങളെ വഹിച്ചുകൊണ്ട് നമുക്കും കർത്താവിന്റെ സന്നിധിയിലേക്ക് കടന്നുചെന്ന് പ്രാർത്ഥിക്കാം. ദൈവത്തിന്റെ ആത്മാവ് അതിനായി നമ്മെ ശക്തരാക്കട്ടെ.

**പരാമർശം:**

എബ്രായർ 4: 14–16

ആകയാൽ ദൈവപുത്രനായ യേശു ആകാശത്തിൽകൂടി കടന്നുപോയോരു ശ്രേഷ്ഠമഹാപുരോഹിതനായി നമുക്കു ഉള്ളതുകൊണ്ടു നാം നമ്മുടെ സ്വീകാരം മറുകെപ്പിടിച്ചുകൊൾക. നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളതു. അതുകൊണ്ടു കരുണ ലഭിപ്പാനും തത്സമയത്തു സഹായത്തിന്നുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന്നു അടുത്തു ചെല്ലുക.

**സിസ്റ്റർ ബിൻസി ജോബി ചങ്ങനാശ്ശേരി 033**